**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 149** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്കുള്ള അവാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. മമ്മിക്കുട്ടി | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർവ്വീസിൽ ഭിന്നശേഷിക്കാർക്ക് നിലവിൽ ലഭിക്കുന്ന സംവരണവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനോടൊപ്പം അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനുള്ള സംവിധാനത്തെ കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | (എ) ഉണ്ട്. RPWD Act 2016 ന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്ക് നിയമനത്തിന് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി ഒരു വിദഗ്ധ സമിതി (Expert Committee) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ വിദഗ്ധ സമിതിയുടെ നിർദേശ പ്രകാരം ഓരോ തസ്തികകളുടേയും physical and functional assessment തയ്യാറാക്കുന്നതിനായി National Institute of Speech & Hearing (NISH)-ൽ പ്രവർത്തിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തുകയും ഇവരുടെ കണ്ടെത്തലുകൾ മേൽ വിദഗ്ധ സമിതി വിശദമായി പരിശോധിച്ച് ഓരോ ഭിന്നശേഷി വിഭാഗത്തിനും അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനുള്ള ശുപാർശ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ കണ്ടെത്തുന്ന തസ്തികകളിലാണ് ഭിന്നശേഷിക്കാർക്ക് നിശ്ചയിക്കപ്പെട്ട സംവരണം അനുവദിച്ച് പി എസ് സി വഴി നിയമനം നടത്തി വരുന്നത്. |
| (ബി) | ഭിന്നശേഷിക്കാർക്കുവേണ്ടി നാഷണൽ ഇൻസ്റ്റിസ്റ്റൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (നിഷ്)-മായി ചേർന്ന് എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകി വരുന്നതെന്ന് വിശദമാക്കാമോ; | (ബി) | (ബി) ഭിന്നശേഷിക്കാർക്കുവേണ്ടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (നിഷ്)-മായി ചേർന്ന് നടത്തുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. അക്കാദമിക് പ്രോഗ്രാമുകൾ 2. ക്ലിനിക്കൽ സേവനങ്ങൾ 3. NISH ഓൺലൈൻ ഇന്ററാക്ടീവ് ഡിസബിലിറ്റി അവബോധ ബോധവൽക്കരണ സെമിനാർ (NIDAS) 4. ഇന്നൊവേഷൻ ആൻഡ് എന്റർപ്രെന്യൂർഷിപ് സെന്റർ 5. ടെലി റീഹാബിലിറ്റേഷൻ യൂണിറ്റ് 6. കോമ്പ്രിഹെൻസീവ് ഗ്ലോബൽ ഡെവലപ്മെന്റൽ ഡിലേ ക്ലിനിക് 7. ശ്രുതിതരംഗം പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് 8. കേരള വികസനവും ഇന്നൊവേഷൻ സ്റ്റാറ്റജിക് |

| | | | |
|---|---|---|---|
| | | | കൗൺസിലും (K-DISC) പിന്തുണയ്ക്കുന്ന യൂത്ത് വിത്ത് ഡിസെബിലിറ്റീസ് (I-YwD) പ്രോഗ്രാം 9. വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾക്കായി ഘടനാപരവും സമയബന്ധിതവുമായ ശാക്തീകരണ പരിപാടി - STEPP 10. സെന്റർ ഫോർ അസിസ്റ്റീവ് ടെക്നോളജി ആൻഡ് ഇന്നവേഷൻ 11. ബധിര കോളേജ് 12. ബാരിയർ ഫ്രീ കാമ്പസ് |
| (സി) | പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സർക്കാർ, പൊതു-സ്വകാര്യ മേഖലകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാർക്ക് നിലവിൽ നൽകി വരുന്ന അവാർഡിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) | (സി)&(ഡി) പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സർക്കാർ, പൊതു - സ്വകാര്യ മേഖലകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാർക്ക് അവാർഡ് നൽകി വരുന്നു. 30/07/2021 തിയതിയിലെ സ.ഉ.(സാധാ) നം. 512/2021/സാ.നീ.വ ഉത്തരവ് പ്രകാരം, സർക്കാർ മേഖലയിലും, പൊതുമേഖലയിലും, സ്വകാര്യ മേഖലയിലും മികച്ച സേവനം കാഴ്ച വെയ്ക്കുന്ന ഭിന്നശേഷിക്കാരായ ജീവനക്കാർക്കും, ഏറ്റവും കൂടുതൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ നൽകി മാതൃക സൃഷ്ടിയ്ക്കുന്ന തൊഴിലുടമകൾക്കും, ഭിന്നശേഷിക്കാർക്ക് വേണ്ടി മാതൃകപരമായ സേവനം കാഴ്ചവെയ്ക്കുന്ന സ്ഥാപനങ്ങൾക്കും ഉൾപ്പെടെ സംസ്ഥാന ഭിന്നശേഷി അവാർഡ്നൽകി വരുന്നു. കൂടാതെ ഭിന്നശേഷി മേഖലയിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന ഭിന്നശേഷിക്കാർക്ക് നാഷണൽ അവാർഡും നൽകി വരുന്നു. 2021-22 വർഷം മുതൽ മുൻ വർഷങ്ങളിൽ പരിഗണിച്ചിരുന്ന വിഭാഗങ്ങളെ കൂടാതെ പുതിയ കാറ്റഗറികൾ ഉൾപ്പെടുത്തിക്കൊണ്ടും, അവാർഡ് തുക പരിഷ്കരിച്ചുക്കൊണ്ടും സംസ്ഥാന ഭിന്നശേഷി അവാർഡ് പുനസംഘടിപ്പിച്ചിരുന്നു. മുൻ വർഷങ്ങളിൽ 3 വിഭാഗങ്ങളിലായി 27 അവാർഡ് നൽകി വന്നിരുന്നത്, പുന:സംഘടിപ്പിച്ച് 19 വിഭാഗങ്ങളിലായി 35 അവാർഡുകളാണ് നിലവിൽ നൽകുന്നത്. |
| (ഡി) | ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് ആത്മവിശ്വാസവും പ്രവർത്തന മികവും വർദ്ധിപ്പിക്കുന്നതിന് പ്രസ്തുത അവാർഡ് വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | (സി)&(ഡി) പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സർക്കാർ, പൊതു - സ്വകാര്യ മേഖലകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാർക്ക് അവാർഡ് നൽകി വരുന്നു. 30/07/2021 തിയതിയിലെ സ.ഉ.(സാധാ) നം. 512/2021/സാ.നീ.വ ഉത്തരവ് പ്രകാരം, സർക്കാർ മേഖലയിലും, പൊതുമേഖലയിലും, സ്വകാര്യ മേഖലയിലും മികച്ച സേവനം കാഴ്ച വെയ്ക്കുന്ന ഭിന്നശേഷിക്കാരായ ജീവനക്കാർക്കും, ഏറ്റവും കൂടുതൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ നൽകി മാതൃക സൃഷ്ടിയ്ക്കുന്ന തൊഴിലുടമകൾക്കും, ഭിന്നശേഷിക്കാർക്ക് വേണ്ടി മാതൃകപരമായ സേവനം |

| | | | |
|---|---|---|---|
| | | | കാഴ്ചവെയ്ക്കുന്ന സ്ഥാപനങ്ങൾക്കും ഉൾപ്പെടെ സംസ്ഥാന ഭിന്നശേഷി അവാർഡ്നൽകി വരുന്നു. കൂടാതെ ഭിന്നശേഷി മേഖലയിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന ഭിന്നശേഷിക്കാർക്ക് നാഷണൽ അവാർഡും നൽകി വരുന്നു. 2021-22 വർഷം മുതൽ മുൻ വർഷങ്ങളിൽ പരിഗണിച്ചിരുന്ന വിഭാഗങ്ങളെ കൂടാതെ പുതിയ കാറ്റഗറികൾ ഉൾപ്പെടുത്തിക്കൊണ്ടും, അവാർഡ് തുക പരിഷ്കരിച്ചുകൊണ്ടും സംസ്ഥാന ഭിന്നശേഷി അവാർഡ് പുനസംഘടിപ്പിച്ചിരുന്നു. മുൻ വർഷങ്ങളിൽ 3 വിഭാഗങ്ങളിലായി 27 അവാർഡ് നൽകി വന്നിരുന്നത്, പുന:സംഘടിപ്പിച്ച് 19 വിഭാഗങ്ങളിലായി 35 അവാർഡുകളാണ് നിലവിൽ നൽകുന്നത്. |

സെക്ഷൻ ഓഫീസർ